"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ദുരന്ത നിവാരണ വകുപ്പ്-പത്തനംതിട്ട ജില്ലയിലെ റാന്നി താലൂക്കിൽ കൊല്ലമുള വില്ലേജിൽ ഉരുൾപൊട്ടൽ/മണ്ണിടിച്ചൽ സാധ്യത പ്രദേശത്തിൽ നിന്നും മാറി താമസിക്കുന്നതിന് ശ്രീമതി.സാവിത്രി, D/o രാഘവൻ എന്നവർ സ്വയം കണ്ടെത്തിയ വീടും സ്ഥലവും വാങ്ങുന്നതിനായി 10 ലക്ഷം രൂപ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ദുരന്ത നിവാരണ (എ) വകുപ്പ്

സ.ഉ.(സാധാ) നം.157/2026/DMD തീയതി,തിരുവനന്തപുരം, 14-03-2026

---

പരാമർശം:-
1. സ.ഉ(സാധാ) നം.38/2019/ഡിഎംഡി, തീയതി 19/12/2019
2. സ.ഉ(സാധാ) നം.361/2025/ഡിഎംഡി, തീയതി 30/05/2025
3. പത്തനംതിട്ട ജില്ലാ കളക്ടറുടെ 28/01/2026 ലെ DCPTA/4644/2021-DM1 നമ്പർ കത്ത്

**ഉത്തരവ്**

പത്തനംതിട്ട ജില്ലയിലെ റാന്നി താലൂക്കിൽ കൊല്ലമുള വില്ലേജിൽ ഉരുൾപൊട്ടൽ/മണ്ണിടിച്ചൽ സാധ്യത പ്രദേശത്തിൽ നിന്നും 5 കുടുംബങ്ങളെ മാറ്റി പാർപ്പിക്കുന്നതിനു മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 10 ലക്ഷം രൂപ വീതം അനുവദിച്ച് പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2) പത്തനംതിട്ട ജില്ലയിലെ റാന്നി താലൂക്കിൽ കൊല്ലമുള വില്ലേജിൽ കുറുമ്പൻമൂഴി ആഞ്ഞിലിമൂട്ടിൽ വീട്ടിൽ സാവിത്രി എന്നയാൾ സർക്കാർ ധനസഹായം ഉപയോഗിച്ച് വാങ്ങുന്നതിന് വീടും സ്ഥലവും കണ്ടെത്തിയിട്ടുള്ളതും, കൊല്ലമുള വില്ലേജിൽ ചാത്തൻതറ എന്ന സ്ഥലത്ത് താഴത്തുവീട്ടിൽ ജോസഫ് മകൻ ആൻ്റണി ജോസഫ് പേരിലുള്ള 11303-നമ്പർ തണ്ടപ്പേർ പ്രകാരം സർവ്വേ 780/1-1-1441 ൽ 82 ച മിറ്റർ പുരയിടവും,780/1-1-1440 ൽ 01.23ആർ പുരയിടവും, കൊല്ലമുള വില്ലേജിൽ ചാത്തൻതറ കരയിൽ ഇടത്തിക്കാവ് എന്ന സ്ഥലത്ത് താഴത്ത് വിട്ടിൽ ആന്റണി ഭാര്യ ആൻസമ്മ ആൻ്റണിയുടെ പേരിലുള്ള കൊല്ലമുള വില്ലേജിൽ 10830-നമ്പർ തണ്ടപ്പേർ പ്രകാരം സർവ്വേ 780/1-705-1 ൽ 08.09 ആർ പുരയിടവും, സർവ്വേ 780/1-705-2 ൽ 04.05 ആർ പുരയിടവും ടി പുരയിടത്തിൽ നിൽക്കുന്ന 3 മുറി അടുക്കള, സിറ്റൗട്ട്, ഹാൾ, ബാത്ത് റൂം എന്നിവ ഉൾപ്പെട്ട വീടും ഉൾപ്പെടെ ആകെ 14.19 ആർ പുരയിടം ആഞ്ഞിലിമുട്ടിൽ വിട്ടിൽ രവി ഭാര്യ സാവിത്രി എന്നയാൾക്ക് സർക്കാർ ധനസഹായം ഉപയോഗിച്ച് വാങ്ങുന്നതിന് ധാരണയായി ഉടമ്പടി തയ്യാറാക്കിയിട്ടുള്ളതായും, ടി പുരയിടത്തിന്റെ സമീപ വസ്തുവിന് ആറൊന്നിന് 95,040/- രൂപ ന്യായവില ഉള്ളതായും, 14.19 ആർ പുരയിടത്തിന് 95,040/- രൂപ ന്യായവില പ്രകാരം 13,48,617 രൂപ വില വരുന്നതും വീടിന് 9,64,990/- രൂപ വാല്യുവേഷനും ഉൾപ്പെടെ ആകെ ടി വീടിനും പുരയിടത്തിനും 23,13,607/- രൂപ (ഇരുപത്തിമൂന്നുലക്ഷത്തി

പതിമൂവായിരത്തി അറുന്നൂറ്റി ഏഴ് രൂപ) മൂല്യം കണക്കാക്കാവുന്നതാണെന്നും, വില്ലേജ് റിക്കാർഡുകൾ പരിശോധിച്ചതിൽ ടി പുരയിടങ്ങൾക്ക് ബാദ്ധ്യതകൾ ഒന്നും തന്നെ ഇല്ലാത്തതും ജിയോളജിസ്റ്റ് പത്തനംതിട്ട, ജില്ലാ മണ്ണ് സംരക്ഷണ ഓഫീസർ, പത്തനംതിട്ട എന്നിവരുമായി പ്രസ്തുത സ്ഥലത്ത് സംയുക്ത പരിശോധന നടത്തിയിട്ടുള്ളതും സ്ഥലത്തിന് അപകട ഭീക്ഷണിയില്ലായെന്നും വാസയോഗ്യമാണെന്നും ജില്ലാ ജിയോളജിസ്റ്റും ജില്ലാ മണ്ണ് സംരക്ഷണ ഓഫീസറും റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. പുതിയ വീടും സ്ഥലവും ആവശ്യമായ കുടുംബം പരമാവധി 10 ലക്ഷം രൂപ വരെയുള്ള തുകയ്ക്ക് വീടും സ്ഥലവും സ്വയം കണ്ടെത്തുകയാണെങ്കിൽ ആയതിലേക്ക് വിശദമായ പ്രൊപ്പോസൽ സർക്കാരിലേക്ക് സമർപ്പിച്ച് പ്രത്യേക അംഗീകാരം നേടേണ്ടതാണ് എന്ന് പരാമർശം (1) പ്രകാരം ഉത്തരവായിട്ടുള്ള സാഹചര്യത്തിൽ പൊന്തനാംകുഴി പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തി വീടും സ്ഥലവും ആവശ്യമായ ടി കുടുംബത്തിന് 10 ലക്ഷം രൂപ ധനസഹായം അനുവദിക്കുന്നതിന് അനുമതി നല്കണമെന്ന് പരാമർശം (3) പ്രകാരം പത്തനംതിട്ട ജില്ലാ കളക്ടർ അപേക്ഷിച്ചിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പത്തനംതിട്ട ജില്ലയിലെ റാന്നി താലൂക്കിൽ കൊല്ലമുള വില്ലേജിൽ ഉരുൾപൊട്ടൽ/മണ്ണിടിച്ചൽ സാധ്യത പ്രദേശത്തിൽ നിന്നും മാറി താമസിക്കുന്നതിന് ശ്രീമതി.സാവിത്രി, D/o രാഘവൻ എന്നവർ സ്വയം കണ്ടെത്തിയ വീടും സ്ഥലവും വാങ്ങുന്നതിനായി 10 ലക്ഷം രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
BINDU C VARGHESE
അഡിഷണൽ സെക്രട്ടറി

കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം
കമ്മീഷണർ, ദുരന്ത നിവാരണം, തിരുവനന്തപുരം
ജില്ലാ കളക്ടർ, പത്തനംതിട്ട
മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
റവന്യൂ (ഡി.ആർ.എഫ്) വകുപ്പ് (ഗുണഭോക്താക്കൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ധനസഹായം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന്)
ധനകാര്യ (ഫണ്ട്സ്) വകുപ്പ്
പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

**Signed by Vincent U**
**Date: 15-03-2026 11:56:06**
സെക്ഷൻ ഓഫീസർ